**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4770** **19-03-2025 - ൽ മറുപടിയ്ക്ക്**

**ജനകീയ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജനകീയ മത്സ്യകൃഷി പദ്ധതിയിൽ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരുടെ വേതനം കുടിശ്ശിക ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ജോലി ചെയ്യുന്ന പ്രോജെക്ട് കോർഡിനേറ്റർമാരുടെയും പ്രൊമോട്ടർമാരുടെയും വേതനയിനത്തിൽ കുടിശ്ശികയായ തുക അധിക ധനാനുമതി പ്രകാരം സർക്കാരിൽ നിന്നും അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 ജനുവരി മാസം വരെയുള്ള വേതനം അനുവദിച്ച് നൽകുകയും ഫെബ്രുവരി മാസത്തെ വേതനം ജില്ലകൾക്ക് അനുവദിക്കുന്നതിന് നടപടി കൈകൊണ്ടിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകർഷകർക്ക് ലഭിക്കേണ്ട സബ്സിഡി മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; സബ്സിഡി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകർഷകർക്ക് ലഭിക്കേണ്ട സബ്സിഡി പൂർണമായും വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി ജില്ലാ ഫിഷറീസ് ഓഫീസുകൾ മുഖേന സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള നടപടി ഫിഷറീസ് ഡയറക്ടർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ